DESPATCHED
On...08/06/2020
17·3·20.



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP.2302*(2)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.16066/*എസ്.ഐ.സി–ജി 6/15*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ. രാമചന്ദ്രൻ നായർ.എസ്
വീട് നമ്പർ–49,ടി.സി.42യ1220
പൊന്നറ നഗർ
വള്ളക്കടവ് പി.ഒ
തിരുവനന്തപുരം–8
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **റവന്യൂ ഓഫീസർ ഗ്രേഡ് –2**
   **ഫോർട്ട് സോണൽ ഓഫീസ്**
   **തിരുവനന്തപുരം നഗരസഭ**
2. **അപ്പീൽ അധികാരി ആന്റ് ഡെപ്യൂട്ടി സെക്രട്ടറി.**
   **ഫോർട്ട് സോണൽ ഓഫീസ്**
   **തിരുവനന്തപുരം നഗരസഭ**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.05.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 03.06.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 18.06.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 17.08.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 13.10.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 13.10.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27.10.2015,02.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 12.11.2015,08.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 15.11.2019 കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ

തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 07.05.2015 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, തിരുവനന്തപുരം നഗരസഭ ഹെൽത്ത് ഓഫീസർക്ക് ശബ്ദമലിനീകരണവുമായി ബന്ധപ്പെട്ട് ഒരപേക്ഷ സമർപ്പിച്ചെന്നും ആയത് സംബന്ധിച്ച് ഇനം 1 ൽ അന്വേഷണം നടത്തേണ്ടത് ശബ്ദമലിനീകരണത്തെക്കുറിച്ചാവുമ്പോൾ പരാതിക്കാരന്റെ സ്ഥല ത്തല്ലേ അന്വേഷണം നടത്തേണ്ടതെന്നും അങ്ങനെ നടത്തിയിട്ടുണ്ടോയെന്നും, ഉണ്ടെ ങ്കിൽ ആയതിന്റെ വിവരങ്ങളും നൽകണമെന്നു തുടങ്ങി 6 ഇനങ്ങളിലായുള്ള വിവര ങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 03.06.2015 തീയതി മറുപടി നൽകുകയും, ആയതിൽ തൃപ്തനല്ലാത്തതിനാൽ 18.06.2015 ന് അപ്പീൽ സമർപ്പിക്കുകയും 17.08.2015 ന് മറുപടി നൽകുകയും മൈക്ക് പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകുന്നതും ആയത് സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നത് നഗരസഭയല്ലെന്നും, ജില്ലാകളക്ടർ പോലീസ് റവന്യൂ അധികാരികളാണ് ആയതിനുള്ള അനുമതി നൽകുന്നതും പരാതി പരിഹരിക്കുന്നതെന്നുമാണ് മറുപടിയായി അറിയിച്ചത്.

4. 12.11.2015 ലും, 08.11.2019 ലും നൽകിയ റിപ്പോർട്ടിൽ ടി ഓഫീസിൽ ലഭ്യമായ വിവരങ്ങ ളുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാരന് മറുപടി നൽകിയിട്ടു ണ്ടെന്നും ആയതിന്റെ പകർപ്പ് ഹാജരാക്കുന്നുവെന്നും ഹർജിക്കാരന് സൗജന്യമായി രേഖകളെല്ലാം നൽകിയിട്ടുണ്ടെന്ന് ബോധിപ്പിക്കുകയും ചെയ്തു.

അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരി ശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവ രങ്ങൾക്ക് മറുപടി നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികളാവശ്യമില്ലെന്ന് കണ്ട് ഇന്നേദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION